# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4667** **27/06/2014**-ൽ മറുപടിക്ക്

<u>സംസ്ഥാനത്തിന് പുറത്തുള്ള ചരിത്ര സ്മാരകങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള ചരിത്ര സ്മാരകങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കമോ ; | (എ) | തമിഴ് നാടിൽ കന്യാകുമാരി ജില്ലയിൽ സ്ഥിതി ചെയ്യുന്ന പത്മനാഭപുരം കൊട്ടാരം കേരള പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംരക്ഷിത സ്മാരകമാണ്. പുരാവസ്തുവകുപ്പിന് കീഴിൽ വേറെ ചരിത്രസ്മാരകങ്ങൾ ഒന്നും തന്നെ കേരളത്തിന് പുറത്തില്ല. |
| (ബി) | ഈ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ ? | (ബി) | പത്മനാഭപുരം കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ യഥാസമയം നടത്തുന്നുണ്ട്. പത്മനാഭപുരം കൊട്ടാരത്തിലെ ഇന്ദ്രവിലാസം മാളിക, നടമാളിക അനുബന്ധ കെട്ടിടങ്ങളുടെ സംരക്ഷണപ്പണികൾ എന്നിവ നടന്നുവരുന്നു. കൊട്ടാരത്തിലെ ദാരു ശില്പങ്ങളുടെ ശാസ്ത്രീയ സംരക്ഷണപ്പണികളും, ഗ്യാലറി നവീകരണവും, സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിസര വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പണികൾ നടന്നു വരുന്നു. പത്മനാഭപുരം കൊട്ടാരം UNESCO യുടെ ഹെറിറ്റേജ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Saradadevi (signature)

സെക്ഷൻ ഓഫീസർ